


# വിശ്വാസവഴിയിൽ

മത്തായി 16:13–19; 1 കൊറി 13:1–13; ഏശയ്യ 6:1–8; പുറ. 40:14–29, 34–38

ബ്ര. സെബാസ്റ്റ്യൻ പറമ്പുമുറിയിൽ

Vol. 12, Issue: 22

**മി**ശിഹായിൽ സ്നേഹം നിറഞ്ഞവരേ,

“ഇരുൾ മൂടിയാലുമെൻ കണ്ണിൽ തെളിയുന്നു താരനിരകൾ...”

ഒരു വശത്ത് കൊറോണ എന്ന വൈറസ് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ. മറുവശത്ത് മഴയും പ്രളയവും മറ്റ് പ്രകൃതിദുരന്തങ്ങളും താണ്ഡവമാടുന്നു. ജീവിതത്തിൽ വേദനകളുടെ മദ്ധ്യേ കടന്നുപോകുന്ന സഭാമക്കൾക്ക്, ആദ്യം കേട്ട ഈരടികൾ പോലെ ഇരുൾ മൂടിയ ജീവിതവഴികളിൽ ഒരു താരം പോലെ സഭാമാതാവ് ഇന്നത്തെ വചനവിചിന്തനവുമായി നമ്മെ സമീപിച്ചിരിക്കുന്നു. അതുപോലെ തന്നെ സഭ തന്റെ സ്വർഗീയ യാത്രയിൽ മറ്റൊരു ആരാധനാവത്സരത്തിലേക്കു കൂടി പ്രവേശിച്ചിരിക്കുകയാണ്. സഭയുടെ സമർപ്പണത്തെ പ്രത്യേകമായി അനുസ്മരിക്കുന്ന ആരാധനാക്രമത്തിലെ ഒടുവിലത്തെ കാലമായ പള്ളിക്കൂദാശാക്കാലത്തിലേക്ക്.

ആദ്യം നാം കേട്ടതുപോലെ, സഭ ഒരുപാട് വെല്ലുവിളികളിലൂടെ കടന്നുപോകുന്ന ഒരു കാലഘട്ടമാണിത്. പ്രകൃതിദുരന്തങ്ങളും സാമ്പത്തിക അസ്വസ്ഥതകളുമെല്ലാം സഭാമക്കളിൽ വിശ്വാസത്തിൽ ഏറ്റക്കുറച്ചിലുകൾ സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ തിരുസഭ തന്റെ മക്കൾക്കായി ഇന്നേ ദിനം വചനവിചിന്തനത്തിനായി നൽകുക വി. മത്തായി അറിയിച്ച സുവിശേഷം 16–ാം അദ്ധ്യായം 13 മുതൽ 19 വരെയുള്ള വചനഭാഗങ്ങളാണ്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെപ്പറ്റി ചിന്തിക്കുമ്പോൾ ഈ വചനഭാഗം പ്രത്യേകമാം വിധം നാമോരോരുത്തരും ധ്യാനിക്കേണ്ടതാണ്. താൻ ആരാണ് എന്ന ചോദ്യത്തിന് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന വലിയ വിശ്വാസപ്രഖ്യാപനമാണിത്. ഈയൊരു വചനഭാഗത്തെ നമുക്ക് ദൈവികമൂല്യങ്ങളായ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും കാഴ്ചപ്പാടിലൂടെ ഒന്ന് കാണാൻ ശ്രമിക്കാം.

വിശ്വാസത്തിന്റെ തലത്തിൽ ചിന്തിക്കുമ്പോൾ എല്ലാം അറിയുന്ന ക്രിസ്തു, താൻ പത്രോസാൽ പിന്നീട് തള്ളിപ്പറയുമെന്നും അറിയാ

വുന്ന ക്രിസ്തു, പത്രോസിന്റെ ഈ പ്രഖ്യാപനത്തിനു നൽകുന്ന മറുപടി, ഇത് സ്വർഗ്ഗീയപിതാവിന്റെ വെളിപാട് എന്നാണ്. ഈ വെളിപാടിന്റെ പൂർണ്ണതയിൽ എത്തുമ്പോഴാണ് അദ്ദേഹം ക്രിസ്തുവിനായി തലകീഴായി മരിക്കാൻ പോലും തയ്യാറാകുന്നത്. ഇന്ന് നാം കാണുന്ന വിശ്വാസത്തിന്റെ ആദ്യാക്ഷരം അതിന്റെ പൂർണ്ണതയിൽ എത്തുന്നത്, ജീവൻ പോലും ത്യജിക്കാൻ തയ്യാറായ പത്രോസിലാണ്. അങ്ങനെയെങ്കിൽ ഈ യാത്രയുടെ ഇടയിൽ നാം കണ്ടുമുട്ടുന്ന, തള്ളിപ്പറയുന്ന പത്രോസ് നമുക്ക് നൽകുന്ന ഒരു പാഠമെന്നത് വിശ്വാസയാത്രയിൽ ഏറ്റക്കുറച്ചിലുകളും പരീക്ഷണങ്ങളും നേരിടാൻ നാം തയ്യാറാകണമെന്നാണ്. എങ്കിൽ മാത്രമേ പത്രോസിനെപ്പോലെ ആഴമായ ഒരു വിശ്വാസത്തിലേക്ക് കടന്നുവരാൻ നമുക്കും സാധിക്കൂ. ഇത് വിശ്വാസത്തിന്റെ തലം.

പ്രത്യാശയുടെ കണ്ണിലൂടെ ഈ വചനം നമുക്ക് നൽകുന്ന പാഠം മറ്റൊന്നാണ്. ഈ വചനഭാഗത്തിൽ നാം കേട്ട പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തോടൊപ്പം നമുക്ക് നൽകുന്ന പാഠം വിശ്വാസത്തിനൊപ്പം പ്രത്യാശയും വളർത്തണം എന്നതാണ്. എന്തുകൊണ്ടെന്നാൽ പത്രോസിന് ഈ പ്രത്യാശ ഉണ്ടായിരുന്നു. അതിനാലാണ് നാലു പേരുടെ മുന്നിൽ താൻ ഏറ്റുപറഞ്ഞ ക്രിസ്തുവിനെ നാൽപതു പേരുടെ മുന്നിൽ പിന്നീട് തള്ളിപ്പറയുമ്പോഴും അവൻ നമ്മെ കൈവിട്ടില്ല എന്ന പ്രത്യാശ. ഈ പ്രത്യാശയുടെ ഉത്തരം അവൻ അനുഭവിക്കുന്നതു തന്നെ സഭയുടെ ശിരസായി ഉയർത്തുമ്പോഴാണ്. ആശയറ്റു പോയാലും നിരാശരാകാതെ പ്രത്യശയുള്ളവരായിരിക്കുക. ഇത് പ്രത്യാശയുടെ തലം.

എന്നാൽ സ്നേഹത്തിന്റെ തലത്തിൽ നാം ഇത് വായിക്കുമ്പോൾ നമ്മുടെ കണ്ണുകൾ പത്രോസിനെക്കാളുപരി ക്രിസ്തുവിലേക്ക് തിരിക്കാം. നാം ആദ്യം കണ്ടതുപോലെ എല്ലാമറിയുന്ന ക്രിസ്തു തന്നെ തള്ളിപ്പറയാൻ പോകുന്ന പത്രോസിനെയല്ല ഇവിടെ പ്രകീർത്തിക്കുന്നത്. ''നീ എന്നെ തള്ളിപ്പറയും. നിന്റെ ഈ വിശ്വാസപ്രഖ്യാപനം ശാശ്വതമല്ല'' എന്ന സ്നേഹരാഹിത്യത്തിന്റെ അവസ്ഥയല്ല, മറിച്ച് മാംസരക്തങ്ങളല്ല നിന്നെ ഇത് പറയിച്ചത് എന്ന് ഓർമ്മിപ്പിക്കുന്ന മറ്റു ശിഷ്യരുടെ മുന്നിൽ പത്രോസിനെ ചെറുതാക്കി കാട്ടാത്ത ആ ക്രിസ്തുസ്നേഹമാണ് നാം ധ്യാനിക്കേണ്ടത്.

ഈയൊരു സ്നേഹത്തിന്റെ അവസ്ഥയെയാണ് നാം ഇന്ന് ലേഖനത്തിലും വായിച്ചുകേട്ടത്. 'സ്നേഹം സർവ്വോത്കൃഷ്ടം' എന്ന്. ഈയൊരു സ്നേഹം തന്നെയാണ് ഇന്ന് പഴയനിയമ ഗ്രന്ഥങ്ങൾ നമ്മോടു പറഞ്ഞ 'കൂടാരമടിച്ച് കൂടെ കൂട്ടുന്ന ദൈവസ്നേഹം.' ഈയൊരു സ്നേഹം അനുഭവിച്ചറിഞ്ഞ പത്രോസാണ് പിന്നീട് വി. എയ്മാർഡിന്റെ വാക്കുകളിൽ കാണുന്ന 'യഥാർത്ഥ സ്നേഹം ക്രൂശിക്കപ്പെടുന്നു' എന്ന് ഓർമ്മപ്പെടുത്തി തലകീഴായി ക്രൂശിക്കപ്പെട്ടത്.

പത്രോസിന്റെ വിശ്വാസവും അതിൽ വന്നുപോയ ഏറ്റക്കുറച്ചിലുകളുമെല്ലാം ധ്യാനിക്കുമ്പോൾ ഈ വിശുദ്ധ കുർബാന മദ്ധ്യേ നമുക്കും നമ്മുടെ വിശ്വാസത്തെ ഒന്ന് ചോദ്യം ചെയ്യാം. ജീവിതസാഹചര്യങ്ങളിൽ, വേദനകളിൽ, പ്രകൃതിദുരന്തങ്ങളിൽ വിശ്വാസത്തിൽ അൽപം കുറവുകൾ വന്നിട്ടുണ്ടെങ്കിൽ പേടിക്കണ്ട. കാരണം, അപ്പസ്തോലപ്രമുഖനായ പത്രോസ് പോലും താൻ എറ്റുപറഞ്ഞ വിശ്വാസത്തെ മറന്നുപോയിട്ടുണ്ട്. അതിനാൽ ഈ പള്ളിക്കൂദാശാക്കാലത്തിന്റെ ആരംഭത്തിൽ നമുക്കും ആ വിശ്വാസവഴിയിൽ തിരിച്ചു നടക്കാം. ഏശയ്യാ ഗ്രന്ഥത്തിൽ നാം ഇന്ന് വായിച്ചതുപോലെ, ദൈവത്തിന്റെ ദൗത്യത്തിനായി നമുക്കും പറയാം, ''ഇതാ ഞാൻ; എന്നെ അയച്ചാലും'' എന്ന്.

ആദ്യം കേട്ട ഈരടികൾ പോലെ ഇരുൾ മൂടിയാലും കണ്ണിൽ പത്രോസിനെപ്പോലെ വിശ്വാസം ഒരു നക്ഷത്രമായി നമ്മിൽ തെളിയട്ടെ. അതിനായി നമുക്ക് പ്രത്യേകം ഈ വിശുദ്ധ ബലിയിൽ പ്രാർത്ഥിക്കാം. സർവ്വേശ്വരനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.